പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5058 24.7.2015 ലെ മറുപടിയ്ക്ക്

## വിനോദസഞ്ചാര മേഖലയിലെ പരസ്യ പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീ. മുല്ലക്കര രത്നാകരൻ | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>പട്ടികജാതി പിന്നോക്കസമുദായക്ഷേമവും<br>വിനോദസഞ്ചാരവും വകുപ്പ മന്ത്രി | |
|---|---|---|---|
| എ) | സംസ്ഥാനത്തിന്റെ വിനോദസഞ്ചാര മേഖലയിലെ സാദ്ധ്യതകൾ വിദേശത്തുനിന്നുള്ള ടൂറിസ്റ്റുകൾക്കു ബോധ്യപ്പെടുത്തുന്നതിനായി വിനോദസഞ്ചാര വകുപ്പ മുഖാന്തിരം എന്തെങ്കിലും പരസ്യപ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ? | എ) | ഉണ്ട്. മൺസൂൺ കാമ്പയിൻ, ആയുർവേദ കാമ്പയിൻ, ബാക്ക് വാട്ടർ കാമ്പയിൻ, നാഷണൽ & ഇന്റർനാഷണൽ ബ്രാന്റ് കാമ്പയിൻ, ബേക്കൽ കാമ്പയിൻ, യൂറോപ്പ്, ഓസ്ട്രേലിയ എന്നീ ഭൂഖണ്ഡങ്ങളിൽ പ്രിന്റ് വിഷ്വൽ മീഡിയകളിലൂടെയുള്ള കാമ്പയിൻ, ലണ്ടനിലെ ടാക്സികൾ കേന്ദ്രീകരിച്ചുള്ള ബ്രാന്റിംഗ് കാമ്പയിൻ, ഓസ്ട്രേലിയയിലെ എയർപോർട്ട് ട്രാൻസ് ലേറ്റ്സ് വഴിയുള്ള പരസ്യപ്രചരണം, മിഡിൽ ഈസ്റ്റ് കാമ്പയിൻ എന്നിവ നടത്തുന്നുണ്ട്. പരസ്യ പ്രചരണത്തിന്റെ ഭാഗമായി ' കം-റ്റു-കേരള' എന്ന പേരിൽ ഒരു ഓൺലൈൻ മത്സരവും സംഘടിപ്പിച്ചു വരുന്നു. ഇതിൽ വിജയികളായി തെരഞ്ഞെടുക്കുന്നവർക്ക് കേരളം സന്ദർശിക്കാനുള്ള അവസരം ഒരുക്കുന്നു. |

സെക്ഷൻ ഓഫീസർ